## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4946 — 14.11.2019 ൽ മറുപടിയ്ക്ക്

### ഇരിങ്ങാലക്കുട ലാൻഡ് ട്രൈബ്യൂണലിന്റെ പ്രവർത്തന പരിധി

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.കെ.യു.അരുണൻ | ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പട്ടയ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ വേണ്ടി ഇരിങ്ങാലക്കുടയിൽ അനുവദിച്ച ലാൻഡ് ട്രൈബ്യൂണലിന്റെ പ്രവർത്തന പരിധിയിൽ മുകുന്ദപുരം താലൂക്ക് ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (എ) ഉൾപ്പെടുത്തിയിട്ടില്ല. ചാലക്കുടി, കൊടുങ്ങല്ലൂർ താലൂക്കുകളെയാണ് ഇരിങ്ങാലക്കുടയിൽ അനുവദിച്ച ലാൻഡ് ട്രൈബ്യൂണലിന്റെ അധികാര പരിധിയായി വിജ്ഞാപനം ചെയ്തിട്ടുള്ളത്. |
| (ബി) എങ്കിൽ ഇരിങ്ങാലക്കുട മണ്ഡലത്തിലെ കൂടുതൽ പ്രദേശങ്ങളും ഉൾപ്പെടുന്ന മുകുന്ദപുരം താലൂക്ക് പ്രസ്തുത ലാൻഡ് ട്രൈബ്യൂണലിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കാമോ? | (ബി) ലാൻഡ് ട്രൈബ്യൂണലുകൾ സ്ഥാപിച്ചിരിക്കുന്നത് മണ്ഡലാടിസ്ഥാനത്തിലല്ല. ഇപ്പോൾ മുകുന്ദപുരം താലൂക്ക് തൃശ്ശൂർ ലാൻഡ് ട്രൈബ്യൂണലിന്റെ പരിധിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഓരോ താലൂക്കിലും തീർപ്പാക്കാൻ കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം കൂടി പരിഗണിച്ചാണ് ലാൻഡ് ട്രൈബ്യൂണലിന്റെ അധികാര പരിധി നിശ്ചയിച്ചത്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ചല്ല. മുകുന്ദപുരം താലൂക്കിലെ ജനങ്ങൾക്ക് തൃശ്ശൂർ ലാൻഡ് ട്രൈബ്യൂണലിൽ വരുന്നതിന്റെ യാത്രാ ദൂരം പരിഗണിച്ച് അനിവാര്യമാണെന്ന് കാണുന്ന പക്ഷം മുകുന്ദപുരം താലൂക്ക് ആസ്ഥാനമാക്കി സ്പെഷ്യൽ സിറ്റിംഗുകൾ നടത്താവുന്നതാണ്. |

Nizam

സെക്ഷൻ ഓഫീസർ